**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം**

**തൈക്കാട്, തിരുവനന്തപുരം-14.**

വെബ്സൈറ്റ്:**www.ims.kerala.gov.in** ഫോൺ നം- **0471-2323960**

ഇ-മെയിൽ :**director.ims@kerala.gov.in,cru.ims@kerala.gov.in**

---

**<u>ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ജീവനക്കാര്യം-കിളികൊല്ലൂർ ഇ എസ് ഐ ഡിസ്പെൻസറിയിലെ ക്ലർക്ക് ശ്രീമതി വി ശാരിക-യ്ക്ക് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി-ഉത്തരവാകുന്നു.

പരാമർശം:- 1)ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 27/05/2024 ലെ ഇ2-2582/2023/DIMS നമ്പർ ഉത്തരവ്

2)ദക്ഷിണ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 11/06/2024,02/09/2024 തീതികളിലെ ഇ1-1236/2024 നമ്പർ കത്ത്

3)ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 23/08/2024 ലെ ഇ2-2182/2023/DIMS നമ്പറായുള്ള സീനിയോറിറ്റി ലിസ്റ്റ്

4) കിളികൊല്ലൂർ ഇ എസ് ഐ ഡിസ്പെൻസറിയിലെ ക്ലർക്കായ ശ്രീമതി വി ശാരിക 29/10/2024 ൽ സമർപ്പിച്ച അപേക്ഷ

5)ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 17/12/2024 ലെ ഇ2-2042/2024/DIMS നമ്പറായുള്ള സീനിയോറിറ്റി ലിസ്റ്റ്

6)29/01/2025 ലെ LBRD/F2-88/2024-LBRD നമ്പർ സർക്കാർ കത്ത്

.....................

**<u>ഉത്തരവ് നമ്പർ – ഇ2-2582/2023/ ഡി ഐ എം എസ് II തീയതി:12-02-2025</u>**

കിളികൊല്ലൂർ ഇ എസ് ഐ ഡിസ്പെൻസറിയിലെ ക്ലർക്ക് ശ്രീമതി വി ശാരിക താൻ വകുപ്പുതല പരീക്ഷ (2023 ജൂലൈ ) പാസായതായും പരീക്ഷയുടെ അവസാനതീയതിയായ 30/09/2023 നു ശേഷമുണ്ടായ ഒഴിവിലേക്ക് തനിക്ക് ഉദ്യോഗക്കയറ്റം നൽകണമെന്നും സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകണമെന്നും

കാണിച്ച് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ വ്യക്തത വരുത്തുന്നതിനായി സർക്കാരിന് സമർപ്പിക്കുകയും കെ എസ് എസ് ആർ ഭാഗം II ചട്ടം 28 (bbb) പ്രകാരം ഒഴിവു നിലിവിൽ വന്ന തീയതിയിൽ യോഗ്യതയുള്ള ജൂനിയർ ഇല്ലാതെവരികയോ ,ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലാത്ത തസ്തികയോ ആണെങ്കിൽ മാത്രമേ ടെസ്റ്റ് യോഗ്യത കൈവരിച്ച പരീക്ഷയുടെ തൊട്ടടുത്ത ദിവസം പ്രാബല്യത്തിൽ ടെസ്റ്റ് യോഗ്യത ആർജ്ജിച്ചതായി കണക്കാക്കി പ്രൊമോഷൻ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്നും എന്നാൽ ഒഴിവ് വന്ന തീയതിയിൽ സ്ഥാനക്കയറ്റത്തിന് അർഹരായ ജൂനിയർ ഉണ്ടായിരുന്നതിനാൽ മേൽ ചട്ടത്തിന്റെ ആനുകൂല്യം ശ്രീമതി വി ശാരിക-യ്ക്കക് ലഭിക്കുകയില്ല എന്നും വകുപ്പുതല പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച തീയതിയായ 17/01/2024 തീയതിക്ക് ശേഷം വകുപ്പിൽ ഉണ്ടായിട്ടുള്ള ക്ലർക്കിന്റെ ഒഴിവിലേക്ക് പ്രൊമോട്ടു ചെയ്യുന്നതിന് മാത്രമേ ശ്രീമതി വി ശാരിക-യ്ക്ക് അർഹതയുള്ളൂ എന്നും സർക്കാരിൽ നിന്നും അറിയിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തീയതിയ്ക്ക് ശേഷമുണ്ടായ സീനിയർ ക്ലർക്ക് തസ്തികയിലെ ഒഴിവിലേക്ക് പരാമർശം (1) പ്രകാരം ഉദ്യോഗക്കയറ്റം നടത്തിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കിളികൊല്ലൂർ ഇ എസ് ഐ ഡിസ്പെൻസറിയിലെ ക്ലർക്കായ ശ്രീമതി വി ശാരിക-യ്ക്ക് (സീനിയോറിറ്റി ക്രമ നം.21) 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്ക് തസ്തികയിലെ നിലവിലെ ഒഴിവിലേക്ക് ഉദ്യോഗക്കയറ്റം നൽകിക്കൊണ്ടും നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ തുടരാൻ അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ടിയാളുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പരാമർശം(3) ഉത്തരവിലെ ക്രമ നം. 160 ശ്രീമതി കെ സി ചിത്ര-യ്ക്കും ക്രമ നം.161 ശ്രീ കെ തുളസീദാസ്-നും ഇടയിലായിരിക്കും .

Signed by Cini
Priyadarsini V. A
Date: 12-02-2025 19:13:01

ഡോ.Cinipriyadarsini

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (I/C)**

സ്വീകർത്താവ്

ശ്രീമതി ശാരിക വി

ക്ലർക്ക് ഇ എസ് ഐ ഡിസ്പെൻസറി,കിളികൊല്ലൂർ

പകർപ്പ്:-

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ,ദക്ഷിണ മേഖല,കൊല്ലം/മദ്ധ്യ മേഖല, എറണാകുളം/ ഉത്തര മേഖല,കോഴിക്കോട്
2) ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,ഇ എസ് ഐ ഡിസ്പെൻസറി, കിളികൊല്ലൂർ
3) ഫയൽ/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്